PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

Second Session—1969.

Thursday, the 21st August, 1969

Vol. XXV] OFFICIAL REPORT [No. 11

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 21st August, 1969 with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.

(a) Oral Answers

Mr. Speaker : Question No. 572 has already been answered on 7-8-1969.

ശ്രീ. ടി. എ. മജീദ് : സർ, ഇതിലെ (ബി) (സി) (ഡി) ഇതൊന്നും ഉത്തരം പറഞ്ഞിട്ടുള്ളതല്ല. നേരത്തെ ജനറലായിട്ടുള്ള ഉത്തരമേ പറഞ്ഞിട്ടുള്ളൂ.

Mr. Speaker : The question regarding Government Engineering workshop has already been answered.

ശ്രീ. ടി. എ. മജീദ് : അവസാനത്തെ ഭാഗങ്ങൾക്കു് ഉത്തരം പറഞ്ഞിട്ടില്ല.

ശ്രീ. എൻ. കെ. ശേഷൻ : ഉത്തരം പറഞ്ഞിട്ടുണ്ടു്.

മി. സ്പീക്കർ : പറഞ്ഞിട്ടുണ്ടെന്നും ഇല്ലെന്നും ഇപ്പോഴം തർക്കമാണു്.

ശ്രീ. ടി. എ. മജീദ് : അങ്ങനെ തർക്കമാണെങ്കിൽ വേണ്ട.

ചെക്കുപോസ്റ്റുകൾ

* 150. [573] ശ്രീ. സി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഇപ്പോൾ എത്ര ചെക്കുപോസ്റ്റുകൾ ഉണ്ടു് ;

(ബി) ചെക്കുപോസ്റ്റുകൾ നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ ;

(സി) ചെക്കുപോസ്റ്റുകൾക്കുവേണ്ടി എത്ര സംഖ്യ കൊല്ലത്തിൽ സർക്കാരിനു് ചെലവു വരുന്നുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

പുനലൂർ പ്ലൈവുഡ് ഫാക്ടറിയിൽ നടന്ന അഴിമതി

* 151. [574] ശ്രീ. എം. കെ. കേളു,
,, എസ്. ദാമോദരൻ,
,, പാലോളി മുഹമ്മദ്കുട്ടി,
,, ഇ. ബാലാനന്ദൻ,
,, വി. എസ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പ്ലൈവുഡ് ഫാക്ടറിയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഉത്തരവിട്ടിരുന്നുവോ ;

(ബി) എങ്കിൽ അന്വേഷണഫലം വെളിപ്പെടുത്താമോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) ഹോംഡിപ്പാർട്ടുമെന്റു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കേന്ദ്രത്തിൽനിന്നും അലോട്ട ചെയ്ത അരി

* 152 [575] ശ്രീ. സി. ഗോവിന്ദപ്പണിക്കർ,
,, ആർ. കൃഷ്ണൻ (പാലക്കാട്),
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69 വർഷത്തിൽ കേന്ദ്രഗവണ്മെന്റ് കേരളത്തിനു് അലോട്ട ചെയ്തിരിക്കുന്ന അരി എത്ര ടൺ ;

(ബി) 1968–69 വർഷങ്ങളിൽ കേരളത്തിൽനിന്നു് ലെവിയായി എത്ര നെല്ല് ശേഖരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത സമ്പ്രദായത്തിൽ സംസ്ഥാനത്തെ റേഷൻ തോതു് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ) 1968 സെപ്തംബർ മാസാവസാനം വരെ 7,02808 ടൺ അരി അലോട്ട ചെയ്തിട്ടുണ്ട്. എന്നാൽ 1968–ൽ സംസ്ഥാനത്തിനു ലഭ്യമായ അരി 6,23,640 ടൺ അരിയാണ്. 1969 ജനുവരി മുതൽ ജൂലൈ മാസം അവസാനം വരെ 4,86,268 ടൺ അരി സംസ്ഥാനത്തിനു ലഭ്യമായിട്ടുണ്ട്.

(ബി) 1968–69 വർഷങ്ങളിൽ കേരളത്തിലെ ലെവിയായി ശേഖരിച്ചിട്ടുള്ളതിൽ 1968–ൽ മൊത്തം 1,0_854.7 ടൺ നെല്ലും 1969–ൽ ജൂലൈ മാസം അവസാനം വരെ 60,865.1 ടൺ നെല്ലും സംസ്ഥാനത്തുനിന്നും ലെവിയായി ലഭിച്ചിട്ടുണ്ട്.

(സി) 1969 ജൂൺ 15–ാം തീയതി മുതൽ സംസ്ഥാനത്തു് മുഴുവൻ റേഷനും കൊടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly